# KERALA POLICE INFORMATION CENTRE

Ph: 0471 2318188     Email: *info.pol@kerala.gov.in*

No.161/PR/PIC/PHQ/18                                                                 Date : 30.06.2018

---

## സ്റ്റുഡന്റ് പോലീസ് കേഡറ്റ് പദ്ധതി കൂടുതൽ സ്കൂളുകളിൽ നടപ്പാക്കും

കേരള പോലീസും വിദ്യാഭ്യാസ വകുപ്പും മറ്റ് വകുപ്പുകളുമായി ചേർന്ന് നടപ്പാക്കുന്ന സ്റ്റുഡന്റ് പോലീസ് കേഡറ്റ് പദ്ധതി കൂടുതൽ സ്കൂളുകളിൽ ഈ വർഷം നടപ്പാക്കുമെന്ന് സംസ്ഥാന പോലീസ് മേധാവി ലോക്നാഥ് ബെഹ്റ പറഞ്ഞു. 95 സ്കൂളുകളിൽ നിന്ന് തെരഞ്ഞെടുത്ത അധ്യാപകർക്കുള്ള ദശദിന പരിശീലനത്തിന്റെ പാസിങ് ഔട്ട് പരേഡിൽ സംസാരിക്കുകയായിരുന്നു അദ്ദേഹം. പുതുതായി 100 സ്കൂളുകളിൽ സ്റ്റുഡന്റ് പോലീസ് കേഡറ്റ് പദ്ധതി ആരംഭിക്കാൻ തീരുമാനിച്ചിരുന്നു. അതിൽ 71 സ്കൂളുകളിൽ പദ്ധതി ആരംഭിച്ചു. ഇതുൾപ്പെടെ 645 സ്കൂളുകളിൽ ഇപ്പോൾ പദ്ധതി നിലവിലുണ്ട്. കൂടുതൽ സ്കൂളുകളിൽ ഈ വർഷം തന്നെ പദ്ധതി അനുവദിക്കുന്നതിന് സർക്കാരിനോട് ശുപാർശ നൽകിയിട്ടുണ്ടെന്നും അദ്ദേഹം പറഞ്ഞു. ഇതുകൂടാതെ സംസ്ഥാനത്തെ പരമാവധി സ്കൂളുകളിൽ സർക്കാരിന് കാര്യമായ സാമ്പത്തിക ബാധ്യത ഇല്ലാതെതന്നെ ഈ പദ്ധതി നടപ്പാക്കുന്നതിനുള്ള നിർദ്ദേശങ്ങൾ ചർച്ചചെയ്തു വരികയാണെന്നും അദ്ദേഹം പറഞ്ഞു.

ജില്ലകളിൽ സ്റ്റുഡന്റ് പോലീസ് കേഡറ്റ് പദ്ധതിയുടെ നേതൃത്വം നൽകുന്ന അദ്ധ്യാപകർ കമ്മ്യൂണിറ്റി പോലീസ് ഓഫീസർമാർ എന്നാണ് അറിയപ്പെടുന്നത്. ആദ്യബാച്ചിൽ 95 അദ്ധ്യാപകർക്കാണ് ഈ പരിശീലനം നൽകിയത്. തിരുവനന്തപുരം, ആലപ്പുഴ, എറണാകുളം, കോട്ടയം, ഇടുക്കി എന്നീ ജില്ലകളിലെ കമ്മ്യൂണിറ്റി പോലീസ് ഓഫീസർമാരാണ് പത്തു ദിവസത്തെ ക്യാമ്പിൽ പങ്കെടുത്തത്. സമാപന സമ്മേളനത്തിൽ ഐ.ജി. പി.വിജയൻ, എസ്.പി. കെ.യു. കുര്യാക്കോസ്, പോലീസ് ട്രെയിനിങ് കോളേജ് വൈസ് പ്രിൻസിപ്പൽ അനിൽ ശ്രീനിവാസ്, പദ്ധതി അസിസ്റ്റന്റ് നോഡൽ ഓഫീസർ അജിത് കുമാർ തുടങ്ങിയവർ പങ്കെടുത്തു.

**ഫോട്ടോ ക്യാപ്ഷൻ :** സ്റ്റുഡന്റ് പോലീസ് കേഡറ്റ് അദ്ധ്യാപക പരിശീലന ക്യാമ്പിൽ കമ്മ്യൂണിറ്റി പോലീസ് ഓഫീസർമാരുടെ പാസിങ് ഔട്ട് പരേഡ് പരിശോധിക്കുന്ന സംസ്ഥാന പോലീസ് മേധാവി ലോക്നാഥ് ബെഹ്റ. ഐ ജി പി.വിജയൻ സമീപം.

********